**കാലിക്കറ്റ് സർവകലാശാല**

**ELECTION**

നമ്പർ. 181150/ELECTION-ASST-1/2018/Admn　　　　കാലിക്കറ്റ് സർവകലാശാല .പി.ഓ

തീയതി: 27.10.2023

പ്രേഷിതൻ

The Registrar & Returning Officer

സ്വീകർത്താവ്

പബ്ലിക് റിലേഷൻസ് ഓഫീസർ ,

കാലിക്കറ്റ് സർവ്വകലാശാല.

സർ,

വിഷയം:- അക്കാദമിക് കൗൺസിൽ ഇലക്ഷൻ - വോട്ടർ പട്ടികകൾ പ്രസിദ്ധീകരിച്ചത്- സംബന്ധിച്ച്

സൂചന:- നോട്ടിഫിക്കേഷൻ നം.181150/ഇലക്ഷൻ-അസിസ്റ്റ്-1/2018/അഡ്മിൻ തിയതി 25.09.2023.

അക്കാദമിക് കൗൺസിൽ തെരഞ്ഞെടുപ്പിനു വേണ്ടിയുള്ള വോട്ടർ പട്ടികകൾ പ്രസിദ്ധീകരിച്ചതിനെക്കുറിച്ച് സംബന്ധിച്ച് താഴെ കൊടുത്തിരിക്കുന്ന പത്രക്കുറിപ്പ് എല്ലാ പ്രമുഖ പത്ര മാധ്യമങ്ങളിലും പ്രസിദ്ധീകരിക്കാൻ നടപടി എടുക്കണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

Biju T

Assistant Registrar

Registrar & Returning Officerക്കു വേണ്ടി

## <u>പത്രക്കുറിപ്പ്</u>

കാലിക്കറ്റ് സർവകലാശാല 25.09.2023 തിയതിയിലെ നോട്ടിഫിക്കേഷൻ പ്രകാരം അക്കാദമിക് കൗൺസിൽ തെരഞ്ഞെടുപ്പിനു മുന്നോടിയായി പ്രൊഫഷണൽ കോളേജ് പ്രിൻസിപ്പൽ, ഫസ്റ്റ് ഗ്രേഡ് കോളേജ് പ്രിൻസിപ്പൽ, വിവിധ സബ്ജക്ട് ഓഫ് സ്റ്റഡീസിലെ അധ്യാപകർ എന്നീ മണ്ഡലങ്ങളിലെ കരട് വോട്ടർപട്ടികകൾ 27.10.2023 ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിവിധ ഫാക്കൽറ്റിയിലെ ഫുൾടൈം പിജി വിദ്യാർത്ഥികളുടെ കരട് വോട്ടർപട്ടിക 31.10.2023 ന് പ്രസിദ്ധീകരിക്കുന്നതാണ്. കരട് വോട്ടർപട്ടികയുടെ പകർപ്പ് സർവ്വകലാശാല വെബ്ബ് സൈറ്റിൽ ലഭ്യമാകുന്നതാണ്. ഇത് സംബന്ധിച്ചുള്ള തിരുത്തലുകൾക്കും കൂട്ടിച്ചേർക്കലുകൾക്കും ഒഴിവാക്കലുകളും മറ്റും വോട്ടർ പട്ടിക പ്രസിദ്ധീകരിച്ച് 15 ദിവസത്തിനുള്ളിൽ നിശ്ചിത പ്രൊഫോർമയിൽ പ്രിൻസിപ്പൽ മുഖേന രജിസ്റ്റാർ & റിട്ടേണിങ്ങ് ഓഫീസറെ അറിയിക്കേണ്ടതാണ്. തിരുത്തലുകൾ, കൂട്ടിച്ചേർക്കലുകൾ, ഒഴിവാക്കലുകൾ എന്നിവ നൽകുന്നതിനുള്ള പ്രൊഫോർമ സർവകലാശാല വെബ്സൈറ്റിൽ അക്കാഡമിക് കൌൺസിൽ ഇലക്ഷൻ 2023 ലൈവ് എന്ന ലിങ്കിൽ ലഭ്യമാകുന്നതാണ്. വിവിധ ഫാക്കൽറ്റിയിലെ വിദ്യാർത്ഥികളുടെ വോട്ടർപട്ടികയിൽ ഉൾപ്പെടുന്നതിന് 30.09.2023 നോ അതിനു മുൻപോ അഡ്മിഷൻ ലഭിച്ചവർക്ക് മാത്രമേ അർഹത ഉണ്ടാവുകയുള്ളു. 01.10.2023 നോ അതിനു ശേഷമോ അഡ്മിഷൻ എടുത്തവർ കൂട്ടിച്ചേർക്കലിനുള്ള അപേക്ഷ നൽകേണ്ടതില്ല. നിശ്ചിത പ്രൊഫോർമയിൽ പ്രിൻസിപ്പൽ മുഖേന നൽകുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ എന്ന് വരണാധികാരി അറിയിക്കുന്നു

**വരണാധികാരി**